"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല." | പുസ്തകം 82 | ലക്കം 35 | 2009 ഏപ്രിൽ 22 | വില 4.00

സത്യദീപം

99000787
K100/V.75:32













# തിരക്കിന്റെ ചിതൽപ്പുറ്റുകൾക്കിടയിൽ തപസ്സിന്റെ മൗനം

**1950-കളിലാണ് വാഗമണിലെ കുരിശുമലയും തിരുച്ചിറപ്പള്ളിയിലെ ശാന്തിവനവും ഭാരതസഭയ്ക്ക് ആശ്രമജീവിതത്തിന്റെ ആത്മീയതയുടെ തുടക്കം നല്കിയത്. പിന്നീട്, ഇന്ത്യയിലുടനീളം കത്തോലിക്കാ ആശ്രമജീവിതത്തിന്റെ വ്യത്യസ്തരീതികൾ ഉടലെടുത്തു. അത്യാധുനികതയുടെ തിക്കിലും തിരക്കിലും ജീവിക്കുന്നവർ ആത്മീയതയുടെ ശാന്തതയ്ക്കുവേണ്ടി വനത്തിലെ ഏകാന്തതയിൽ മൗനത്തിന്റെ ആഴവും കാറ്റിന്റെ കുളിർമയും അന്വേഷിക്കുന്നു. മൗനത്തിന്റെ വഴികൾ വിട്ട് സന്ന്യാസജീവിതം പ്രവർത്തനനിരതയുടെ തിക്കിൽപ്പെട്ടപ്പോൾ പല സഭകളിലും നിന്ന് സന്ന്യസ്തർ ആശ്രമജീവിതത്തിലേക്ക് ഇറങ്ങിത്തിരിച്ചിട്ടുണ്ട്. ബാംഗ്ലൂർ വിദ്യാവനം ആശ്രമത്തിന്റെ സ്ഥാപകനായ വിനീത് സി.എം.ഐ. തന്റെ ആശ്രമജീവിതാനുഭവത്തെക്കുറിച്ച് എഴുതുന്നു.**



ഫാ. വിനീത് സി.എം.ഐ.
വിദ്യാവനം ആശ്രമം, ബാംഗ്ലൂർ

മതേതരചിന്തകളും മതേതരവീക്ഷണങ്ങളും വൈദികജീവിതത്തിലും സന്ന്യസ്തജീവിതത്തിലും കുറേയേറെ നഷ്ടങ്ങൾ ഉണ്ടാക്കുന്നുവെന്നാണ് എന്റെ വ്യക്തിപരമായ നിരീക്ഷണം. പൊതുസമൂഹത്തിൽ മതേതരചിന്തകൾക്കു പ്രസക്തിയും പ്രാധാന്യവുമുണ്ട്. എന്നാൽ, വൈദികവൃത്തിയും സന്ന്യാസവുമൊക്കെ തിരഞ്ഞെടുക്കുന്നവർ മതാത്മകജീവിതത്തിൽ കൂടുതൽ ആഴപ്പെട്ടു വേണം തങ്ങളുടെ സാക്ഷ്യം നല്കാൻ എന്നാണെന്റെ പക്ഷം. മതനിരാസത്തിന്റെ ഒരു തലം മതേതരചിന്തകളിൽ പ്രകടമാകുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് ആശ്രമജീവിതത്തിന്റെയും താപസജീവിതത്തിന്റെയുമൊക്കെ പ്രാധാന്യത്തെക്കുറിച്ചു നാം മനസ്സിലാക്കേണ്ടത്.

ആശ്രമജീവിതത്തെക്കുറിച്ചു ഞാൻ ചിന്തിക്കുന്നതും തപസ്സിന്റെ പ്രാധാന്യം മനസ്സിലാക്കി ആശ്രമം ആരംഭിച്ചതും ഈ സാഹചര്യത്തിലാണ്. നമ്മുടെ സെമിനാരി പഠനങ്ങളും മറ്റും മതേതരത്വത്തിന്റെ ഭാഗവും ഉൾക്കൊള്ളുന്നുണ്ട്. എന്നാൽ, പ്രാർത്ഥനാപൂർണ്ണമായ അന്തരീക്ഷത്തിൽ എന്റെ ജീവിതം കർത്താവുമായി ഇഴുകിച്ചേരേണ്ടതാണ്. മതേതരമായ എന്തെങ്കിലും തൊഴിൽ ചെയ്തോ, അത്തരത്തിലുള്ള സാഹചര്യത്തിൽ ഉൾച്ചേർന്നോ ജീവിക്കേണ്ടവനല്ല ഞാൻ. എന്റെ ജീവിതം കർത്താവിനു സമർപ്പിക്കപ്പെട്ടതും ആ ഉൺമയിൽ ലയിച്ചു ചേരേണ്ടതുമാണ്. ഈ ചിന്തയാണ് ഈ ആശ്രമം തുടങ്ങാൻ എനിക്കു പ്രചോദനമായത്.

ഞാൻ സഭയിൽ ചേർന്നത് ഒരു സെക്കുലർ ജോലി ചെയ്യാൻ വേണ്ടിയല്ല എന്ന് അധികാരികളെ ബോധ്യപ്പെടുത്തിയപ്പോൾ ആശ്രമജീവിതത്തിനുള്ള അനുമതിയും അതിനുള്ള സഹായങ്ങളും അവർ ചെയ്തുതന്നു. കാരണം നിശ്ശബ്ദത നിറഞ്ഞ അന്തരീക്ഷവും പ്രാർത്ഥനാന്തരീക്ഷവും ഏകാന്തതയുടെ ആനന്ദവുമൊക്കെ ഇന്നു വളരെയധികം പേർ ആഗ്രഹിക്കുന്നുണ്ട്. വൈദിക - സന്ന്യസ്തജീവിതത്തിലുള്ള ധാരാളം പേർ ഇത്തരത്തിൽ താപസജീവിതം അഭിലഷിക്കുന്നവരാണ്. സമർപ്പിതജീവിതത്തിൽ ലാളിത്യവും നിശ്ശബ്ദതയുമൊക്കെ വേണം. ആ വിധത്തിലുള്ള ഒരു ജീവിതമാണ് ഞാൻ അഭിലഷിച്ചത്. അങ്ങനെയാണ് ഈ ആശ്രമത്തിന്റെ തുടക്കം.

അതേസമയം മതേതരമായ ആദ്ധ്യാത്മികതയെക്കുറിച്ചു പറയുന്നവരും അത്തരത്തിൽ ചിന്തിക്കുന്നവരുമുണ്ട്. തിക്കിലും തിരക്കിലും, ലോകത്തിൽ എവിടെയായിരുന്നാലും പ്രാർത്ഥിക്കാൻ കഴിയുക, ദൈവവുമായി സംഭാഷിക്കുന്നവർക്കും ധ്യാനാത്മകജീവിതത്തിൽ സമ്പൂർണ്ണ സമർപ്പണം നടത്തിയിട്ടുള്ളവർക്കുമൊക്കെ അതു സാധ്യമായേക്കും. അതിനു പ്രത്യേക സിദ്ധി വേണം. അത്തരത്തിൽ പരിശീലനം നൽകുന്ന സ്ഥലങ്ങളും വേണം. അമേരിക്കയിലെയും ഹോളണ്ടിലെയും മറ്റും ബെനഡിക്ടൈൻ ആശ്രമങ്ങളിൽ ഞാൻ പോയിട്ടുണ്ട്. പക്ഷേ അവിടെയുള്ള ധ്യാനാന്തരീക്ഷവും നിശ്ശബ്ദതയും ആദ്ധ്യാത്മികതയും നമ്മുടെ പല ആശ്രമങ്ങളിലും കാണാൻ കഴിഞ്ഞിട്ടില്ല.

നിശ്ശബ്ദതയുടെ പ്രാർത്ഥനാന്തരീക്ഷം ആഗ്രഹിക്കുന്ന അനേകരുണ്ട്. എന്നാൽ ഇവിടെ കൂടുതലും ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളുടെയും ശബ്ദഘോഷങ്ങളുടെയും സാഹചര്യങ്ങളാണുള്ളത്. നിശ്ശബ്ദമായ പ്രാർത്ഥനകളിൽ ദൈവവുമായി കൂടുതൽ സംഭാഷണത്തിനും ഇടപഴകലിനും സാദ്ധ്യതയുണ്ട്. ബാഹ്യമായ ശബ്ദഘോഷങ്ങൾ മനസ്സിന്റെ ആഴത്തിലേക്കു പോകുന്നില്ല എന്നാണു തോന്നുന്നത്. ചിലപ്പോൾ അതു നാം സ്വീകരിച്ചേക്കാം, നല്ല ഒരു പാട്ട് നമ്മെ സ്വാധീനിക്കുന്നതുപോലെ. പക്ഷേ ഒരു പ്രശ്നമുള്ളത്, അതിന്റെ ലെവൽ എവിടെയാണ് എന്ന കാര്യത്തിലാണ്.

പ്രാർത്ഥനയുടെ ശബ്ദഘോഷത്തെയും അതിന്റെ ബാഹ്യപ്രകടനങ്ങളെയും ഞാൻ കുറച്ചുകാണുന്നില്ല. മാത്രമല്ല വിശുദ്ധ ഗ്രന്ഥത്തിൽ അതിനുള്ള പിന്തുണ കാണുന്നുമുണ്ട്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ അവരുടെ മദ്ധ്യേ ഞാനുണ്ടാകും എന്നാണ് യേശുവിന്റെ വാഗ്ദാനം. അപ്പോൾ അയ്യായിരവും പതിനായിരവും യേശുവിന്റെ നാമത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്നത് മഹത്തായ കാര്യംതന്നെയാണ്. മഹാസംഭവവുമാണത്. അതുകൊണ്ട്, താപസരും ആശ്രമജീവിതക്കാരും ധ്യാനാത്മകജീവിതം നയിക്കുന്നവരും അതിനെ താഴ്ത്തിക്കെട്ടരുത്.

കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലെ പ്രാർത്ഥനാനുഭവവും സൗഖ്യാനുഭവവും മറ്റും അംഗീകരിക്ക

(ശേഷം 6-ാം പേജിൽ)

Vineeth, V. F., "Thirakkinte Chithalputtukalkidayl Thapassinte Maunam," Sathyadeepam (Malayalam), 22 April 2009, pages 1, 6.

